**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം–2017 പരിഷ്കരിച്ച സമയക്രമവും മാർഗ്ഗ നിർദ്ദേശങ്ങളും

WP(C) No.22117/2017(L)-ന്മേലും ബന്ധപ്പെട്ട കേസുകളിലും 22.08.2017-ലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെയും 23.08.2017 ലെ സ.ഉ (സാധാ)നം.2343/2017/ആ.കു.വ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 2017 ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള തുടർന്നുള്ള കൗൺസലിംഗിന്റെ വിശദമായ സമയക്രമവും മാർഗ്ഗ നിർദ്ദേശങ്ങളും ഇതിനാൽ വിജ്ഞാപനം ചെയ്തുകൊള്ളുന്നു.

19.08.2017 ന് പ്രസിദ്ധീകരിച്ചിരുന്ന അലോട്ട്മെന്റിനെ തുടർന്ന് ഫീസ് ഒടുക്കുന്നതിനുള്ള സമയം 24.08.2017 വൈകുന്നേരം 5 മണിയ്ക്ക് അവസാനിച്ചപ്പോൾ നിർദ്ദിഷ്ട ഫീസ് ഒടുക്കാത്തതിനെ തുടർന്ന് ഒഴിവുവന്ന സീറ്റുകൾ സംബന്ധിച്ച വിവരം 25.08.2017 ന് രാവിലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒഴിവുകൾ സംബന്ധിച്ച വിവരം കോളേജുകളുടെ വെബ്സൈറ്റിലും ലഭ്യമാകുന്നതാണ്.

22.08.2017 ലെ ബഹു. ഹൈക്കോടതി ഉത്തരവ് അനുസരിച്ച് എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് ഒരു ഓൺലൈൻ അലോട്ട്മെന്റ് കൂടി 27.08.2017 ന് നടത്തുന്നതാണ്. ഇതിനായി 2017 ആഗസ്റ്റ് 25, 26 തീയതികളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളുടെ പുന:ക്രമീകരണം, ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം മേൽ വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. കൂടാതെ 19.08.2017 ന് പ്രസിദ്ധീകരിച്ചിരുന്ന രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തിയിട്ടില്ലാത്ത **മലപ്പുറം എം.ഇ.എസ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജ്** എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് പുതുതായി ഓപ്ഷൻ സമർപ്പിക്കുന്നതിനും സൗകര്യമുണ്ടായിരിക്കുന്നതാണ്. 22.08.2017-ലെ ബഹു. ഹൈക്കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 24.08.2017 വൈകുന്നേരം 5 മണിയ്ക്ക് മുൻപ് ഫീസ് ഒടുക്കാൻ കഴിയാതിരുന്നവർക്കും അവരുടെ ഹയർ ഓപ്ഷനുകൾ നിലനിർത്തിയിട്ടുണ്ട്.

**പാലക്കാട് കരുണ മെഡിക്കൽ കോളേജ് , അഞ്ചരക്കണ്ടി കണ്ണൂർ മെഡിക്കൽ കോളേജ്** എന്നിവയിലേയ്ക്ക് 2017–18 അദ്ധ്യയന വർഷം പ്രവേശനം നടത്താവുന്നതാണെന്ന് ആരോഗ്യ സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. കൂടതെ **കോഴിക്കോട് മലബാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ, തിരുവനന്തപുരം എസ്.യു.റ്റി അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്** എന്നിവയിലെ പ്രവേശനം സംബന്ധിച്ച തീരുമാനം 25.08.2017 ലെ ഗവേണിങ്ങ് കൗൺസിലിൽ തീരുമാനിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത നാല് കോളേജുകളിലേയ്ക്കു കൂടി പുതുതായി ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് മേൽ വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ ആരോഗ്യ സർവ്വകലാശാല അഫിലിയേഷൻ ലഭ്യമാക്കിയാൽ മാത്രമേ **കോഴിക്കോട് മലബാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ, തിരുവനന്തപുരം എസ്.യു.റ്റി അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്** എന്നിവയിലേയ്ക്ക് അലോട്ട്മെന്റ് നടത്തുകയുള്ളൂ.

26.08.2017 വൈകുന്നേരം 4 മണിവരെ ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള അടുത്ത ഘട്ടം അലോട്ട്മെന്റ് **27.08.2017** ന് വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും **2017 ആഗസ്റ്റ് 28, 29 തീയതികളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** ഹാജരായി നിർദ്ദിഷ്ട ഫീസ് തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്ക് ഗ്യാരണ്ടി/ബോണ്ട് (ഏതാണോ ബാധകമായത്) എന്നിവ സർപ്പിച്ച് പ്രവേശന യോഗ്യത തെളിയിക്കുന്നതിനുള്ള എല്ലാ അസ്സൽ രേഖകളും ഹാജരാക്കി പ്രവേശനം നേടേണ്ടതാണ്. പ്രവേശന നടപടികൾ പൂർത്തിയാക്കുന്നതിനായി കേരളത്തിലെ എല്ലാ മെഡിക്കൽ/ദന്തൽ കോളേജ് അധികൃതരും **2017 ആഗസ്റ്റ് 28, 29** തീയതികളിൽ **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** ഹാജരായിരിക്കുന്നതാണ്. 29.08.2017 വൈകുന്നേരം 4 മണിയ്ക്കകം ഫീസ് ഒടുക്കി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. 19.08.2017 ന് പ്രസിദ്ധീകരിച്ച അലോട്ട്മെന്റിൽ ലഭിച്ച കോളേജ്/കോഴ്സിൽ തൃപ്തരായവരും നിശ്ചിത സമയത്തിനകം ഫീസ് ഒടുക്കിയിട്ടുള്ളവരും ഹയർ ഓപ്ഷനുകൾ ആവശ്യമില്ലാത്തവരുമായ വിദ്യാർത്ഥികൾ 26.08.2017 വൈകുന്നേരം 4 മണിയ്ക്ക് മുൻപായി അവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതും ഇപ്പോൾ

ലഭിച്ചിട്ടുള്ള കോഴ്സ്/കോളേജ് പ്രവേശനം നേടുന്നതിന് **2017 ആഗസ്റ്റ് 28, 29** തീയതികളിൽ **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** ഹാജരായി പ്രവേശന യോഗ്യത തെളിയിക്കുന്നതിനുള്ള എല്ലാ അസ്സൽ രേഖകളും ഹാജരാക്കി പ്രവേശനം നേടേണ്ടതാണ്.

## പ്രവേശന സയത്ത് ഹാജരാക്കേണ്ട രേഖകൾ

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന അസ്സൽ രേഖകളുമായി 28.08.2017, 29.08.2017 എന്നീ തീയതികളിൽ പ്രവേശനത്തിനായി ഹാജരാകേണ്ടതാണ്.

1. ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖകൾ
2. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും
3. യോഗ്യതാ പരീക്ഷയുടെ (ഹയർ സെക്കന്ററി/തത്തുല്യം) അസ്സൽ മാർക്ക്ലിസ്റ്റുകളും പാസ്സ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെങ്കിൽ അതും
4. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (കേരളാ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, സി.ബി.എസ്.ഇ, സി.ഐ.എസ്.സി.ഇ ബോർഡുകളിൽ നിന്നും പരീക്ഷ പാസ്സായവർ അല്ലെങ്കിൽ)
5. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
6. KEAM 2017 പ്രോസ്പെക്ടസ് അനുബന്ധം XVII (a) അല്ലെങ്കിൽ XVII (b) പ്രകാരമുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്
7. ഫീസ് ഒടുക്കിയ രസീത്
8. KEAM 2017 ഡാറ്റാ ഷീറ്റ്
9. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് മെമ്മോ.
10. സ്ഥാപന മേധാവികൾ ആവശ്യപ്പെടുന്ന മറ്റ് രേഖകൾ.

## ഫീസ് വിവരങ്ങളും അടയ്ക്കേണ്ട വിധവും

| കോളേജുകൾ | സീറ്റ് | ഫീസ് | അടയ്ക്കേണ്ട വിധം |
|---|---|---|---|
| സർക്കാർ മെഡിക്കൽ കോളേജുകൾ | **എല്ലാ സീറ്റുകളും** | **25,000/- രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| സർക്കാർ ദന്തൽ കോളേജുകൾ | **എല്ലാ സീറ്റുകളും** | **23,000/- രൂപ** | |
| അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ | ***50%** സർക്കാർ സീറ്റ് | **2,50,000/- രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| | **35%** മാനേജ്മെന്റ് സീറ്റ് | **10 ലക്ഷം രൂപ** | **5 ലക്ഷം രൂപ**–പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. കൂടാതെ ബാക്കി **5 ലക്ഷം രൂപ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിലുള്ള ബാങ്ക് ഗ്യാരണ്ടിയായി |
| | **15% NRI** സീറ്റ് | **14 ലക്ഷം രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| പരിയാരം ദന്തൽ കോളേജ്, പരിയാരം, കണ്ണൂർ | ****50%** സർക്കാർ സീറ്റ് | **2,10,000/- രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| | **35%** മാനേജ്മെന്റ് സീറ്റ് | **4 ലക്ഷം രൂപ** | |
| | **15% NRI** സീറ്റ് | **5 ലക്ഷം രൂപ** | |
| കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ | **85%** സീറ്റ് | **5 ലക്ഷം രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| | **15% NRI** സീറ്റ് | **20 ലക്ഷം രൂപ** | |
| കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജ് | **85%** സീറ്റ് | **3.29 ലക്ഷം രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| | **15% NRI** സീറ്റ് | **6 ലക്ഷം രൂപ** | |

| | | | |
|---|---|---|---|
| കെ.എം.സി.റ്റി മെഡിക്കൽ കോളേജ്, മുക്കം, കോഴിക്കോട് & ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എറണാകുളം | **85%** സീറ്റ് | **11** ലക്ഷം രൂപ | **5 ലക്ഷം രൂപ**–പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. കൂടാതെ ബാക്കി **6 ലക്ഷം രൂപ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിലുള്ള ബാങ്ക് ഗ്യാരണ്ടിയായി |
| | **15% NRI** സീറ്റ് | **20** ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| എം.ഇ.എസ് മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം & ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജ്, കാരക്കോണം, തിരുവനന്തപുരം | **85%** സീറ്റ് | **5** ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. കൂടാതെ 500 രൂപയുടെ മുദ്ര പത്രത്തിലുള്ള **6** ലക്ഷം രൂപ വരെ തുകയ്ക്കുള്ള ബോണ്ട് (മാതൃക **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്) |
| | **15% NRI** സീറ്റ് | **20** ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| മറ്റ് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ | **85%** സീറ്റ് | **5** ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. കൂടാതെ 500 രൂപയുടെ മുദ്ര പത്രത്തിലുള്ള **6** ലക്ഷം രൂപ വരെ തുകയ്ക്കുള്ള ബോണ്ട് (മാതൃക **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്) |
| | **15% NRI** സീറ്റ് | **20** ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| മറ്റ് സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജുകൾ | **85%** സീറ്റ് | **2.9** ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| | **15% NRI** സീറ്റ് | **6** ലക്ഷം രൂപ | |

*****ഈ 50% സീറ്റുകളിലെ 10 ബി.പി.എൽ/കുറഞ്ഞ വാർഷിക വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 25,000/- രൂപയും 13 എസ്.ഇ.ബി.സി വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 45,000/- രൂപയുമായിരിക്കും.

******ഈ 50% സീറ്റുകളിലെ 6 ബി.പി.എൽ/കുറഞ്ഞ വാർഷിക വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 23,000/- രൂപയും 8 എസ്.ഇ.ബി.സി വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 44,000/- രൂപയുമായിരിക്കും. ഈ ഫീസിളവുകൾ പ്രവേശനം പൂർത്തിയാക്കിയതിനു ശേഷം മാത്രമായിരിക്കും അനുവദിക്കുക. ആയതിനാൽ പ്രവേശന സമയത്ത് ഇവരും മറ്റ് വിദ്യാർത്ഥികൾക്കുള്ള ഫീസ് ഒടുക്കേണ്ടതാണ്.

**മേൽപ്പറഞ്ഞ ഫീസുകൾ താൽകാലികവും ബഹു. കോടതികളുടെ/AFRC യുടെ അന്തിമ തീരുമാനത്തിന് വിധേയവുമായിരിക്കും**

കേരളത്തിലെ എല്ലാ മെഡിക്കൽ/ദന്തൽ കോളേജ് അധികൃതരും പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിനായി **2017 ആഗസ്റ്റ് 28, 29 തീയതികളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** സന്നിഹിതരായിരിക്കും. 29.08.2017 വൈകുന്നേരം 4 മണിയ്ക്ക് മുൻപായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

29.08.2017 വൈകുന്നേരം 4 മണിയ്ക്ക് ശേഷം എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നിലനിൽക്കുന്ന പക്ഷം അവ നികത്തുന്നതിനായി **2017 ആഗസ്റ്റ് 30, 31 തീയതികളിൽ** പ്രവേശന പരീക്ഷാ കമ്മീഷണർ **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴസുകളിലേയ്ക്ക് മാത്രമായിരിക്കും സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. സ്പോട്ട് അഡ്മിഷനിൽ വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അവിടെ വച്ച് തന്നെ നിർദ്ദിഷ്ട ഫീസ് മേൽപ്പറഞ്ഞ വിധം ഒടുക്കി പ്രവേശനം നേടേണ്ടതാണ്. എല്ലാ മെഡിക്കൽ/ദന്തൽ കോളേജ് അധികൃതരും സ്പോട്ട് അഡ്മിഷൻ പൂർത്തിയാകുന്നതുവരെ സ്പോട്ട് അഡ്മിഷൻ കേന്ദ്രത്തിൽ ഹാജരായിരിക്കുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളും പ്രവേശന യോഗ്യത തെളിയിക്കുന്ന എല്ലാ അസ്സൽ രേഖകളും നിർദ്ദിഷ്ട ഫീസ് തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്ക് ഗ്യാരണ്ടി/ബോണ്ട് (ഏതാണോ ബാധകമായത്) സഹിതം ഹാജരാകേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

i) ഒരു സർക്കാർ കോളേജിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ കോളേജിലെ അതേ കോഴ്സിലേയ്ക്ക് സ്പോട്ട് അഡ്മിഷനിൽ മാറ്റം അനുവദിക്കുന്നതല്ല.

ii) ഒരു സ്വകാര്യ സ്വാശ്രയ കോളേജിൽ നിന്ന് അതേ ഫീസ് ഘടനയുള്ള മറ്റൊരു സ്വകാര്യ സ്വാശ്രയ കോളേജിലേയ്ക്ക് അതേ കോഴ്സിന് സ്പോട്ട് അഡ്മിഷനിൽ മാറ്റം അനുവദിക്കുന്നതല്ല.

iii) ഒരു സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജിലേയ്ക്കോ സ്വകാര്യ സ്വാശ്രയ കോളേജിലേയ്ക്കോ സ്പോട്ട് അഡ്മിഷനിൽ മാറ്റം അനുവദിക്കുന്നതാണ്.

iv) ഒരു സ്വാശ്രയ കോളേജിലെ എൻ.ആർ.ഐ സീറ്റിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ കോളേജിലെയോ അതേ കോളേജിൽ തന്നെയുള്ളതോ ആയ ഗവൺമെന്റ്/ മൈനോറിറ്റി സീറ്റിലേയ്ക്ക് അതേ കോഴ്സിനാണെങ്കിൽ പോലും സ്പോട്ട് അഡ്മിഷനിൽ മാറ്റം അനുവദിക്കുന്നതാണ്.

v) ന്യൂനപക്ഷ പദവിയില്ലാത്ത കോളേജുകളിലെ എൻ.ആർ.ഐ ഓപ്പൺ മെറിറ്റ് സീറ്റുകളിൽ ആവശ്യക്കാർ ഇല്ലാത്ത പക്ഷം അവ സ്റ്റേറ്റ് മെറിറ്റ് സീറ്റുകളായി മാറ്റി അലോട്ട്മെന്റ് നടത്തുന്നതാണ്.

vi) എൻ.ആർ.ഐ ക്വാട്ടയിലെ മൈനോറിറ്റി സീറ്റുകളിൽ ആവശ്യക്കാർ ഇല്ലാത്ത പക്ഷം അവ എൻ. ആർ.ഐ ഓപ്പൺ മെറിറ്റ് സീറ്റുകളായി മാറ്റുന്നതാണ്. വീണ്ടും ആവശ്യക്കാർ ഇല്ലാത്തപക്ഷം അവ മാനേജ്മെന്റ് മൈനോറിറ്റി സീറ്റുകളായും അവയിൽ വീണ്ടും ഒഴിവുവരുന്ന പക്ഷം സ്റ്റേറ്റ് മെറിറ്റ് സീറ്റുകളായും മാറ്റി അലോട്ട്മെന്റ് നടത്തുന്നതാണ്.

**കേരളത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്കായുള്ള ഓൺലൈൻ രജിസ്ട്രേഷൻ**

താഴെപറയുന്ന കോളേജുകളിലെ ഏതാനും എം.ബി.ബി.എസ് സീറ്റുകൾ കേരളത്തിന് പുറത്തുള്ളതും KEAM 2017 ൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമായ ബന്ധപ്പെട്ട കാറ്റഗറിയിലെ വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്.

| Sl. No. | College Code | College Name | Category | Documents to be Submitted | Number of seats |
|---|---|---|---|---|---|
| 1 | **PMC** | Pushpagiri Institute of Medical Science & Research Centre, Thiruvalla | Syro-Malankara Catholic candidates from Outside Kerala | Community certificate from Parish Priest/Pastor/Bishop concerned | 2 |
| 2 | **KCM** | KMCT Medical College, Mukkom, Kozhikode | Muslim (All India Muslims from other than Kerala) | Community Certificate Issued by Revenue Officials of the respective State | 25 |
| 3 | **KMM** | Karuna Medical College, Palakkad | All India Muslims (candidates belonging to Other States) | Community Certificate Issued by Revenue Officials of the respective State | 10 |
| 4 | **SMC** | Dr. Somervell Memorial C.S.I Medical College, Karakkonam, Thiruvananthapuram | Non Keralite CSI-Non Kerala Diocese (Members/Associate members of CSI/CNI. Anglican Church of India, candidates outside the State of Kerala) | Community Certificate Issued by Revenue Officials of the respective State | 20 |
| | | | Non Keralite CSI NRI CSI/Anglican Church/CCI (communion of Churches in India outside Kerala) | Community Certificate Issued by Revenue Officials of the respective State and documents to prove NRI claim | 8 |

ഈ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ 28.08.2017 മുതൽ 29.08.2017 വൈകുന്നേരം 5 മണിയ്ക്കകം ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ സീറ്റുകളിലെ അലോട്ട്മെന്റ് 2017 ആഗസ്റ്റ് 30, 31 തീയതികളിൽ സ്പോട്ട് അഡ്മിഷനിൽ നടത്തുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് ഒരു **'സ്പോട്ട് അഡ്മിഷൻ സ്ലിപ്പ്'** വെബ്പേജിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഈ സ്പോട്ട് അഡ്മിഷൻ സ്ലിപ്പുമായി അവർ സ്പോട്ട് അഡ്മിഷന് ഹാജരാകേണ്ടതാണ്. കൂടാതെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ, ന്യൂന പക്ഷ സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, എൻ.ആർ.ഐ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ/രേഖകൾ (22.07.2017, 31.07.2017 എന്നീ തീയതികളിലെ ഓഫീസ് വിജ്ഞാപനങ്ങൾ ശ്രദ്ധിക്കുക) എന്നിവയും ഹാജരാക്കേണ്ടതാണ്.

**സ്പോട്ട് അഡ്മിഷന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ**

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും 28.08.2017 മുതൽ 29.08.2017 വൈകുന്നേരം 5 മണിയ്ക്കകംപ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് ഒരു **'സ്പോട്ട് അഡ്മിഷൻ സ്ലിപ്പ്'** വെബ്പേജിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഈ സ്പോട്ട് അഡ്മിഷൻ സ്ലിപ്പുമായി അവർ സ്പോട്ട് അഡ്മിഷന് ഹാജരാകേണ്ടതാണ്. കൂടാതെ പ്രവേശന യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, വിടുതൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നവരെ മാത്രമേ സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കുകയുള്ളൂ.

**പാലക്കാട് കരുണാ മെഡിക്കൽ കോളേജിലേയ്ക്ക് 22.03.2017 ലെ ബഹു. സുപ്രീം കോടതി വിധിയ്ക്കനുസരിച്ചുള്ള പ്രവേശനം സംബന്ധിച്ച്.**

SLP(C) No. 32580-32581/2016 മേലുള്ള 22.03.2017 ലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം പാലക്കാട് കരുണാ മെഡിക്കൽ കോളേജിൽ പ്രവേശന മേൽനോട്ട സമിതി യോഗ്യരെന്ന് കണ്ടെത്തിയ 30 വിദ്യാർത്ഥികളെ 2017–18 അദ്ധ്യയന വർഷം പ്രവേശിപ്പിക്കേണ്ടതുണ്ട്. ഈ വിദ്യാർത്ഥികളുടെ പ്രവേശനം **2017 ആഗസ്റ്റ് 28, 29 തീയതികളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് നടത്തുന്നതാണ്. ആയതിനാൽ പ്രസ്തുത 30 വിദ്യാർത്ഥികൾ മേൽപറഞ്ഞ തീയതിയിലും സ്ഥലത്തും യോഗ്യത തെളിയിക്കുന്ന എല്ലാ രേഖകളും നിർദ്ദിഷ്ട ഫീസുമായി ഹാജരാകേണ്ടതാണ്. 29.08.2017 ന് വൈകുന്നേരം 4 മണിയ്ക്കകം പ്രവേശനം നേടിയില്ലെങ്കിൽ അവ ഒഴിവുവന്ന സീറ്റുകളായി കണക്കാക്കി 2017 ആഗസ്റ്റ് 30, 31 തീയതികളിൽ നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ നികത്തുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. ബഹു.ഹൈക്കോടതിയുടെ 22.08.2017 ലെ ഉത്തരവ് അനുസരിച്ച് 27.08.2017 ലെ ഓൺലൈൻ അലോട്ട്മെന്റ്, 30, 31 തീയതികളിലെ സ്പോട്ട് അഡ്മിഷൻ എന്നിവ നടത്തേണ്ടതും 2017 ആഗസ്റ്റ് 31 ന് പ്രവേശനം അവസാനിപ്പിക്കേണ്ടതുമാണ്. ബാങ്ക് അവധികളും മറ്റ് ആകസ്മിക അവധികളുടെ സാധ്യതയും കണക്കിലെടുത്ത് വിദ്യാർത്ഥികൾ ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്ക് ഗ്യാരണ്ടി എന്നിവ നേരത്തെ കരസ്ഥമാക്കേണ്ടതും ആവശ്യമുള്ളപ്പോൾ സമർപ്പിക്കേണ്ടതുമാണ്. നിർദ്ദിഷ്ട ഫീസ് തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും ബാങ്ക് ഗ്യാരണ്ടി/ബോണ്ട് (ഏതാണോ ബാധകം അത്) ഇല്ലാത്ത പക്ഷം പ്രവേശനം നൽകുന്നതല്ല.
2. 27.08.2017 ലെ അലോട്ട്മെന്റിനെ തുടർന്ന് 2017 ആഗസ്റ്റ് 28, 29 തീയതികളിലാണ് പ്രവേശനം നിശ്ചയിച്ചിട്ടുള്ളത്. 2017 ആഗസ്റ്റ് 28 കലണ്ടർ അവധിയായതിനാൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും 2017 ആഗസ്റ്റ് 28 ന് തുറന്നു പ്രവർത്തിക്കുന്നതിനും വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന പക്ഷം വിടുതൽ സർട്ടിഫിക്കറ്റും മറ്റ് രേഖകളും നൽകുന്നതിനും ആവശ്യമായ ഉത്തരവുകൾ നൽകിയിട്ടുണ്ട്. ഈ ഉത്തരവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
**25.08.2017**

**പ്രവേശന പരീക്ഷാ കമ്മീഷണർ**